ഡിപ്പാർട്ട്മെന്റിൽനിന്നും ചിലവാക്കീട്ടുണ്ട്. ഈ അപകടത്തിൽ അവശതകളും സംഭവിച്ചവർക്കും മരിയടഞ്ഞവരുടെ അവകാശികൾക്കും നിയമാനുസരണം കൊടുക്കേണ്ട തുകയും അനുവദിക്കുന്നതാണ്.

ഇരിങ്ങാലക്കുട ബസ്സപകടം

*൫൪. (നമ്പർ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇരിങ്ങാലക്കുടയിൽ സെന്റ് തോമസ് ബസ്സിൽ വഴിയാത്രക്കാർക്കുപറ്റിയ ഇലക്ട്രിക് ഷോക്ക് അപകടത്തിൽ ഗവൺമെന്റ് വല്ല അന്വേഷണവും നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) അതിൽ എത്രപേർ മരണപ്പെട്ടു;

(സി) അതിലേക്ക് വല്ല പ്രതിഫലവും കൊടുക്കുന്നതിനു ഇടയായിട്ടുണ്ടോ;

(ഡി) അപകടത്തിൽ അപായംവന്ന ആളുകളുടെ കുടുംബത്തിൽ ഉപജീവനമാർഗ്ഗമില്ലാത്തവരുണ്ടോ;

(ഇ) അതിനെപ്പറ്റി ഗവൺമെന്റ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണെന്നു പറയുവാൻ മടിയുണ്ടാകുമോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) ഇരുപത്തിരണ്ട്.

(സി) കൊടുക്കുവാൻ പോകുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഈ യാത്രക്കാരുടെ അവകാശികളുടെ സ്ഥിതികളും അന്വേഷിച്ചിട്ടുണ്ട്. ബാക്കിയുള്ളതിൽ രണ്ടാളുകളുടെ അവകാശികളെ തിരിച്ചുപ്പെടുത്തിയിട്ടില്ല. രണ്ടാളുകളുടെ അവകാശികൾതന്നെ വന്നിട്ടില്ല. ആകെ കിട്ടുപ്രകാരം കൊടുക്കുവാനുള്ള നഷ്ടപരിഹാരം ഓരോ അവകാശിയുടേയും നഷ്ടത്തെ അടിസ്ഥാനപ്പെടുത്തി ന്യായമായ തോതിൽ ഗവൺമെന്റ് വീതിക്കുന്നതാണ്.

വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതി

*൫൫. (നമ്പ) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിൻ സ്റ്റേറ്റിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവൺമെന്റിനു എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) അതിലേക്ക് വിദഗ്ദ്ധന്മാരുമായി ആലോചിക്കുകയോ വിദഗ്ദ്ധകമ്മറ്റിയെ നിയമിച്ചിട്ടുകയോ ചെയ്തിട്ടുണ്ടോ?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly